(ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ പ്രസ്തുത ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇനി ഏതൊക്കെ ജില്ലകളിൽ ആഫീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് ബീഡി-ചുരുട്ട് തൊഴിലാളികൾക്കും ബീഡി-ചുരുട്ട് വ്യവസായമേഖലയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നല്കുന്നതിനു വേണ്ടി രൂപീകരിച്ച ഒരു ക്ഷേമ നിധി ബോർഡാണിത്. സംസ്ഥാനത്തിലെ 3 ലക്ഷത്തോളം വരുന്ന തൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ. തൊഴിലുടമകളിൽ നിന്നും ലഭിക്കുന്ന വിഹിതവും സർക്കാർ അനുവദിക്കുന്ന ഗ്രാന്റും കൂടിയാണ് ഈ ക്ഷേമ നിധി. 18-നും 58 വയസ്സിനും ഇടയ്ക്കുള്ള തൊഴിലാളികളെ അംഗങ്ങളാക്കി ചേർക്കാനാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ബോർഡിന്റെ അംഗീകാര പ്രകാരം 58 വയസ്സു വരെയുള്ള തൊഴിലാളികളെ ചേർക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കണ്ണൂർ ചീഫ് ആഫീസിന് പുറമേ കണ്ണൂർ റീജിയണൽ ആഫീസും, കാസർഗോഡ് റീജിയണൽ ആഫീസും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ റീജിയണൽ ആഫീസുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, ഫർണീച്ചർ, പ്രിന്റിംഗ്, സ്റ്റേഷനറി,റ്റി.എ., ഡി.എ., പെൻഷൻ വിഹിതം സിറ്റിംഗ് ഫീസ്, ടെലിഫോൺ, ഉത്ഘാടന ചെലവ് എന്നിവയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

ചെറുകിട കച്ചവടക്കാർക്ക് ക്ഷേമ പദ്ധതി

71 (235) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ചെറുകിട കച്ചവടക്കാർക്കായി ഒരു ക്ഷേമ പദ്ധതി നിലവിലുണ്ടോ ;

(ബി) ഇത് എന്നാണ് നിലവിൽ വന്നത് ;

(സി) ഈ പദ്ധതിയിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ഡി) ഇപ്പോൾ ഈ ക്ഷേമ പദ്ധതിയിൽ എത്ര അംഗങ്ങളുണ്ട് ;

(ഇ) ഇതിൽ അംഗങ്ങളുടെയും തൊഴിലുടമകളുടെയും വിഹിതം എത്രയാണ്;

(എഫ്) ക്ഷേമനിധിയുടെ ഘടനയും സ്വഭാവവും വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കേരളത്തിലെ എല്ലാ ജില്ലകളിലും ക്ഷേമ നിധി ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിൽ ആണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(എച്ച്) ആഫീസ് ഇല്ലാത്ത ജില്ലകളിൽ ഇവ തുറന്നു പ്രവർത്തിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ വ്യാപാരികൾക്കുമായി ഒരു ക്ഷേമ പദ്ധതി നിലവിലുണ്ട്.

(ബി) 1992 -ൽ

(സി) അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യം, പ്രകൃതിക്ഷോഭം, തീപിടുത്തം, അക്രമം എന്നിവ കൊണ്ട് കച്ചവട കേന്ദ്രത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കുള്ള സാമ്പത്തിക സഹായം എന്നിവ.

(ഡി) 53000 അംഗങ്ങൾ

(ഇ) കച്ചവടം നടത്തുന്ന തൊഴിലുടമകൾക്ക് മാത്രമാണ് ഈ ബോർഡിൽ അംഗത്വം. ഈ തൊഴിലുടമകളെ വാർഷിക ടേൺ ഓവർ അനുസരിച്ച് എ,ബി, സി,ഡി, എന്നീ ക്ലാസുകളായി തിരിച്ച്. എ ക്ലാസുകാർ 2000 രൂപയും, ബി ക്ലാസ്സുകാർ 1000 രൂപയും സി ക്ലാസ്സുകാർ 400 രൂപയും, ഡി ക്ലാസ്സുകാർ 100 രൂപയും നല്കി അംഗങ്ങളാകുന്നു. തുടർന്ന് വർഷംതോറും എ,ബി,സി,ഡി, ക്ലാസ്സുകാർ യഥാക്രമം 1000 രൂപയും 500 രൂപയും 200 രൂപയും 50 രൂപയും നിരക്കിൽ പുതുക്കൽ ഫീസ് നല്കി അംഗത്വം പുതുക്കുകയും ചെയ്യുന്നു.

(എഫ്) 27-1-1992 ലെ ജി.ഒ.(പി)16/92 റ്റീഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം വ്യാപാര ക്ഷേമ നിധി ബോർഡ് രൂപീകരിച്ചു. കാർഷികാദായനികുതി, വില്പന നികുതി, വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരിക്കും ബോർഡിന്റെ ചെയർമാൻ. ഇതിനു പുറമേ ബോർഡിന് ഔദ്യോഗികവും അനൗദ്യോഗികയുമായ അംഗങ്ങളെ ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്നു. അനൗദ്യോഗികാംഗങ്ങളിൽ ഒരാളെ വൈസ് പ്രസിഡന്റായി നോമിനേറ്റു ചെയ്യുന്നതാണ്. നിയമനം ലഭിച്ചു 3 വർഷമായിരിക്കും അനൗദ്യോഗികാംഗങ്ങളുടെ കാലാവധി. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ധനസഹായം പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിക്കുന്ന ഫണ്ട്, ഗവൺമെന്റ് അംഗീകരിക്കുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ധന സഹായം, ചേമ്പർ ഓഫ് കോമേഴ്സ് മറ്റു വ്യവസായ വ്യാപാരി സംഘടനകളുടെ സംഭാവനകൾ ഇവ ഉപയോഗിച്ചായിരിക്കണം വെൽഫെയർ ഫണ്ട് രൂപീകരിക്കേണ്ടത്. അംഗത്വ ഫീസും, വാർഷികവരിസംഖ്യയും മുഖേന ഫണ്ട് സ്വരൂപിക്കുകയും അർഹരായ വ്യാപാരികൾക്ക് ഫണ്ടിന്റെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം ചെയ്യുകയുമാണ് വ്യാപാരി വെൽഫെയർ ഫണ്ടിന്റെ പ്രവർത്തനം. പ്രകൃതിക്ഷോഭം കൊണ്ടോ അക്രമങ്ങൾ കൊണ്ടോ, നഷ്ടം സംഭവിച്ച അംഗങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക, മരിച്ചു പോയ അംഗങ്ങളുടെ കുടുംബത്തെ സഹായിക്കുക എന്നിവയാണ് ഈ ക്ഷേമനിധിയുടെ പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ല. ചീഫ് എക്സിക്യൂട്ടീവിന്റെ ആഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

(എച്ച്) തത്കാലം ഉദ്ദേശ്യമില്ല.

വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി

72 (237) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി 1998 ആഗസ്റ്റ് മാസം സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ഇവരുടെ പ്രധാന ആവശ്യങ്ങളിൽ ഏതെല്ലാം സർക്കാർ പരിശോധിച്ചെന്നും ഇതിൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ;

(സി) വിശ്വകർമ്മ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിക്കുക. പെൻഷനും, ആനുകൂല്യങ്ങളും നൽകുക തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത നിവേദനം തൊഴിൽ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശ്വകർമ്മ തൊഴിലാളികൾക്ക് കേരളാ കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകാവുന്നതാണ്. പദ്ധതി വ്യവസ്ഥയനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിൽ അംഗത്വമുള്ള വിശ്വകർമ്മർക്കും നല്കി വരുന്നു. ഈ പദ്ധതിയിൽ അംഗമായി 5 വർഷം പൂർത്തിയാക്കിയ 60 വയസ്സുള്ള അംഗങ്ങൾക്ക് പ്രതിമാസം 100 രൂപ പെൻഷൻ നല്കുന്ന കാര്യം പരിഗണനയിലാണ്.

ഇ.എസ്.ഐ. റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിനുള്ള കാലതാമസം

73 (238) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. വ്യവസ്ഥ പ്രകാരം തൊഴിലാളികൾക്ക് റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly